## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3065** **18-03-2022 - ൽ മറുപടിയ്ക്ക്**

## വലിയതുറയിലെ പുനർഗേഹം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; ഫ്ലാറ്റ് പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത ഫ്ലാറ്റിൽ എത്ര കുടുംബങ്ങൾക്ക് താമസസൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) | മുട്ടത്തറ വില്ലേജിൽ വലിയതുറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 19.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. വലിയതുറയിൽ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. മരാമത്ത് പ്രവൃത്തികൾക്കായി 06.01.2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്ന ദിവസം മുതൽ ഒരു വർഷം കൊണ്ട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് .പ്രസ്തുത ഫ്ലാറ്റിൽ 192 കുടുംബങ്ങൾക്കാണ് താമസ സൗകര്യം ഒരുക്കുന്നത്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ രണ്ടു വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും പ്രസ്തുത ഫ്ലാറ്റിലേക്ക് പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ പുനർഗേഹം പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ രണ്ടു വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന 71 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ അവരുടെ താല്പര്യം കൂടി പരിഗണിച്ചുകൊണ്ട് അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക കർമപദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ? | (സി) | വലിയതുറയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ പുനർഗേഹം പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ